# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ - പത്തനംത്തിട്ട ജില്ല

**(ദക്ഷിണ മേഖലകാർഷിക ഗവേഷണകേന്ദ്രം വെള്ളായണിയും, ഭാരതീയ കാലാവസ്ഥവകുപ്പും സംയുക്തമായി നൽകുന്നത്)**

നമ്പർ:**PTA-AAS-38/2025, (76)** തീയ്യതി: **23.09.2025**

## അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥ പ്രവചനം

| കാലാവസ്ഥ ഘടകങ്ങൾ | 24/09/2025 | 25/09/2025 | 26/09/2025 | 27/09/2025 | 28/09/2025 |
|---|---|---|---|---|---|
| മഴ (മില്ലി. മീറ്റർ) | 3 | 3 | 4 | 7 | 5 |
| ഉയർന്നതാപനില(° C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞതാപനില(° C) | 24 | 24 | 24 | 24 | 24 |
| കൂടിയഅന്തരീക്ഷആർദ്രത (%) | 87 | 87 | 87 | 87 | 87 |
| കുറഞ്ഞഅന്തരീക്ഷആർദ്രത(%) | 79 | 79 | 79 | 79 | 79 |
| കാറ്റിന്റെവേഗത (കിലോമീറ്റർ /മണിക്കൂർ) | 3 | 3 | 3 | 3 | 3 |
| കാറ്റിന്റെദിശ (ഡിഗ്രി) | 270 | 270 | 270 | 270 | 270 |
| മേഘവ്യപ്തി(ഒക്ട) | 8 | 8 | 8 | 8 | 8 |
| കാലാവസ്ഥസംഗ്രഹം/അലേർട്ട് | **ജില്ലയിൽ ഒറ്റപ്പെട്ടസ്ഥലങ്ങളിൽ മിതമായ മഴയ്ക്ക് സാധ്യതയുണ്ട്. കേരളത്തിൽ സാധരണയിൽ കുറവ് തോതിലുമുള്ള മഴയ്ക്ക് സാധ്യത.** | | | | |
| പൊതു നിർദ്ദേശങ്ങൾ | **ഉയർന്ന ആപേക്ഷിക ആർദ്രതയോടെ ഇടയ്ക്കിടെ പെയ്യുന്ന മഴ വിളകളിൽ ഫംഗസ് രോഗങ്ങൾ ഉണ്ടാകുന്നതിന് കാരണമാകും. അതിനാൽ രോഗങ്ങളുടെ വളർച്ചയും വ്യാപനവും നിയന്ത്രിക്കുന്നതിന് ആവശ്യമായ മുൻകരുതൽ സ്വീകരിക്കുക. പകൽ സമയത്ത് അധിക ബാഷ്പീകരണം തടയാൻ ജൈവ പുതയിടൽ കൂടി നൽകുക.** | | | | |

## കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ബ്ലാസ്റ്റ് രോഗം | നെല്ലിൽ കാണുന്ന ബ്ലാസ്റ്റ് രോഗത്തെ പ്രതിരോധിക്കാനായി 1.5 മില്ലി ഫ്യൂജിയോൺ 1 ലിറ്റർ വെള്ളത്തിൽ എന്നതോതിൽ തളിക്കുക. അല്ലെങ്കിൽ ഒരു മില്ലി ഐസോപ്രൊതയാലിൻ 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. അല്ലെങ്കിൽ 4 ഗ്രാം ടൈഫ്ലോക്സിസ്ട്രോബിൻ + ടെബുകോണാസോൾ 10 ലിറ്റർ വെള്ളത്തിൽ എന്നതോതിൽ തളിക്കുക. |
| വാഴ | ഇലപ്പുള്ളി രോഗം | വാഴയിൽ ഇലപ്പുള്ളിരോഗത്തിനു സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. ഇലപ്പുള്ളിരോഗം കാണുകയാണെങ്കിൽ ഒരു മി.ലി ഹെക്സകൊണസോൾ അല്ലെങ്കിൽ ഒരു മി.ലി പ്രൊപികൊണസോൾ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലയുടെ അടിയിൽ പതിയക്കവിധം കുളിർക്കെതളിക്കുക |
| **ഇഞ്ചി** | മൂടുചീയൽ | ഇഞ്ചിയിൽ മൂടുചീയൽ രോഗം കാണുകയാണെങ്കിൽ രോഗബാധിതമായ ചെടികൾ കിളച്ചുമാറ്റി 2 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ഒഴിക്കുക. രോഗം വ്യാപിക്കാതിരിക്കാൻ മൂന്ന്മീറ്റർ സ്ക്വയർ ബെഡിന്15 ഗ്രാം ബ്ലീച്ചിങ് പൗഡറും, 250 ഗ്രാം കുമ്മായവും കൂട്ടി കലർത്തി |

| | | |
|---|---|---|
| | | തടത്തിൽ ഇട്ടുകൊടുക്കാവുന്നതാണ്. |
| **മൃഗസംരക്ഷണം** | ഇടയ്ക്കിടെ പെയ്യുന്ന മഴ മൃഗങ്ങളുടെ തീറ്റയിൽ ഫംഗസ് വളർച്ചയ്ക്ക് കാരണമാകും. അതിനാൽ തീറ്റ പകൽ സമയത്ത് ഉണക്കി വരണ്ട സ്ഥലങ്ങളിൽ സൂക്ഷിക്കുക. പകൽ സമയത്ത് കാലിത്തൊഴുത്തിൽ ഫാനും ശരിയായ വായുസഞ്ചാരവും നൽകുക. | |